'മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ മാനസികരോഗ സെൽ'

129 [3522] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഒരു മാനസിക രോഗസെൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇത് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി മണ്ണാർക്കാട് താലൂക്കാശുപത്രിയിൽ പത്ത് കിടക്ക സൗകര്യമുള്ള പ്രത്യേക വാർഡ് ഉൾപ്പെടുന്ന മാനസികരോഗ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് മണ്ണാർക്കാട് താലൂക്കാശുപത്രിയിൽ മാനസിക രോഗ വിഭാഗം ആരംഭിക്കുന്നതാണ്.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഒഴിവുള്ള തസ്തികകൾ

130 [3523] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഏതെല്ലാം തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം തസ്തികകളാണ് ഇപ്പോൾ ഒഴിവുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തസ്തികകളിലെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ & ബി) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ നിലവലിലുള്ള തസ്തികകളുടേയും ഒഴിവുള്ള തസ്തികകളുടേയും വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴിവുള്ള തസ്തികകൾ കഴിയുന്നിടത്തോളം കോൺട്രാക്ട് അടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്. ബാക്കി ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

'കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾ'

131 [3524] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ പദ്ധതിക്ക് വേണ്ടി അനുവദിച്ച തുക ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്നാണ് പൂർത്തീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ താഴെപറയുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

1. ഫോറൻസിക് വാർഡ്, സിക് വാർഡ്, രോഗികളെ പരിശോധിക്കുന്ന മുറി, നേഴ്സുമാരുടെ ഡ്യൂട്ടി മുറി, പുരുഷൻമാരുടെ സിക് വാർഡ്, രണ്ടാം നമ്പർ വാർഡിലെ മുറികളുടെ നിർമ്മാണം എന്നിങ്ങനെ മൂന്ന് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം.
2. പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ.
3. വാർഡ് നമ്പർ 1, 4, 8, 9 എന്നിവിടങ്ങളിലേക്കുള്ള റോഡ് നിർമ്മാണം

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ 2002-2003 സാമ്പത്തിക വർഷത്തിൽ മൊത്തം 1,00,50,000 (ഒരു കോടി അമ്പതിനായിരം) രൂപ പ്ലാൻ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly